യു.പി

കൂട

കളികൾ



## പ്രവർത്തനം 4

# പേപ്പർ പസിൽ



ഒരു പേപ്പർ എടുക്കുക. കത്രിക ഉപയോഗിച്ച് പേപ്പറിന്റെ അരിക് ഒക്കെ മുറിച്ച് കളഞ്ഞ് നിങ്ങൾക്ക് ഇഷ്ടമുള്ള ആകൃതിയിൽ ആക്കാം. അരികുകൾ ഒക്കെ വളഞ്ഞും തിരിഞ്ഞും ഒക്കെ ആകാം. ഇനി ആ പേപ്പറിൽ ഏതാണ്ട് നടുവിലൂടെ കടന്നു പോകത്തക്കവിധം സ്കെയിൽ വച്ച് ഒരു വര വരക്കുക. ആ വരയെ മുറിച്ചു കടന്നു പോകുന്ന മറ്റൊരു വരയും വരയ്ക്കുക. വരകൾ കൂട്ടിമുട്ടുന്നത് പേപ്പറിന്റെ മധ്യഭാഗത്തിന് അടുത്ത് വരത്തക്കവിധമാണ് രണ്ടാമത്തെ വര വരക്കേണ്ടത്. ഇനി പേപ്പറിന്റെ ഏതെങ്കിലും അരികിലായി ഒരു തുള ഇടുക. പേപ്പർ തുളക്കുന്ന പഞ്ച് ഉണ്ടെങ്കിൽ അത് വച്ച് ഇടുന്നതാകും നല്ലത്. ഇപ്പോൾ നമ്മുടെ പസിൽ ചെയ്യാനുള്ള സാമഗ്രി റെഡി.

ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

യു.പി

കൂട

കളികൾ



# പ്രവർത്തനം 4





**ഇനി ചെയ്യേണ്ടത് എന്താണെന്നല്ലേ?** പേപ്പറിനെ രണ്ടായി മുറിച്ചിട്ട് ആ കഷണങ്ങൾ വീണ്ടും കൂട്ടി ചേർത്ത് വക്കണം. ചില നിബന്ധനകൾ ഉണ്ട് കേട്ടോ. മുറിച്ച രണ്ട് കഷണവും കൂട്ടി വക്കുമ്പോൾ നിങ്ങൾ പേപ്പറിൽ ഇട്ട തുള രണ്ട് വരകൾ കൂട്ടിമുട്ടുന്ന സ്ഥാനത്ത് വരണം. ഒരു കാര്യം കൂടി. കഷണങ്ങൾ കൂട്ടി വച്ച് കഴിയുമ്പോൾ പേപ്പറിന്റെ ആകൃതി പഴയതു തന്നെ ആയിരിക്കണം.

അത്രേ ഉള്ളൂ. പേപ്പർ രണ്ടു കഷണമേ ആക്കാൻ പാടുള്ളൂ എന്ന് ഓർമ വേണേ.

**കഷണം മുറിക്കുന്നതിന്റേയും ചേർത്തു വക്കുന്നതിന്റേയും ഫോട്ടോ എടുത്തോളൂ.**

